**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 354** **01-07-2024 - ൽ മറുപടിയ്ക്ക്**

**കൈത്തറി വസ്തുക്കളുടെ കയറ്റുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ നിന്ന് പ്രതിവർഷം കയറ്റുമതി ചെയ്യുന്ന കൈത്തറി വസ്തുക്കളുടെ അളവിൽ ഇടിവ് സംഭവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കൈത്തറി വസ്തുങ്ങളുടെ കയറ്റുമതിയിൽ ആഗോളതലത്തിൽ സംഭവിച്ച വിവിധ കാരണങ്ങളാൽ ഏറ്റകുറച്ചിലുകൾ സംഭവിച്ചിട്ടുണ്ട്.<br><br>കൈത്തറി ഉൽപന്നങ്ങൾക്ക്, പവർലൂം ഉൽപന്നങ്ങളോട് താരതമ്യം ചെയ്യുമ്പോൾ, നിർമ്മാണ ചിലവ്/വില കൂടുതലാകുന്നതും, കൈത്തറി വസ്തുങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥലങ്ങളിലേയ്ക്ക് പവർലൂം വസ്തുങ്ങളുടെയും കയറ്റുമതി നടക്കുന്നുണ്ടെന്നതും കാരണം കൈത്തറി ഉൽപന്ന കയറ്റുമതിയിൽ ഏറ്റക്കുറച്ചിലുകൾ സംഭവിച്ചിട്ടുണ്ട്.<br><br>കൂടാതെ, മറ്റ രാജ്യങ്ങളിൽ നിന്നും വസ്ത്ര ഉൽപന്നങ്ങളുടെ കുറഞ്ഞ വിലയ്ക്കുള്ള കയറ്റുമതിയും ഈ മേഖലയെ ബാധിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ കയറ്റുമതിയിൽ ഇടിവ് ഉണ്ടാകാനുള്ള സാഹചര്യം വ്യക്തമാക്കാമോ; | (ബി) | കൈത്തറി വസ്തുങ്ങളുടെ കയറ്റുമതിയിൽ ആഗോളതലത്തിൽ സംഭവിച്ച വിവിധ കാരണങ്ങളാൽ ഏറ്റകുറച്ചിലുകൾ സംഭവിച്ചിട്ടുണ്ട്.<br><br>കൈത്തറി ഉൽപന്നങ്ങൾക്ക്, പവർലൂം ഉൽപന്നങ്ങളോട് താരതമ്യം ചെയ്യുമ്പോൾ, നിർമ്മാണ ചിലവ്/വില കൂടുതലാകുന്നതും, കൈത്തറി വസ്തുങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥലങ്ങളിലേയ്ക്ക് പവർലൂം വസ്തുങ്ങളുടെയും കയറ്റുമതി നടക്കുന്നുണ്ടെന്നതും കാരണം കൈത്തറി ഉൽപന്ന കയറ്റുമതിയിൽ ഏറ്റക്കുറച്ചിലുകൾ സംഭവിച്ചിട്ടുണ്ട്.<br><br>കൂടാതെ, മറ്റ രാജ്യങ്ങളിൽ നിന്നും വസ്ത്ര ഉൽപന്നങ്ങളുടെ കുറഞ്ഞ വിലയ്ക്കുള്ള കയറ്റുമതിയും ഈ മേഖലയെ ബാധിക്കുന്നുണ്ട്. |
| (സി) | പ്രതീക്ഷിച്ച സാമ്പത്തിക നേട്ടമില്ലാത്തതും പരുത്തിയുടെ ഉയർന്ന വിലയും പുതുതലമുറ ഈ | (സി) | കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിലേയ്ക്കായി സർക്കാർ |

മേഖലയിലേക്ക് കടന്നുവരാത്തതും പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ചുവടെ വിവരിക്കുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**I)** കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയാണ് യുവ വീവ് പദ്ധതി. 18നും 40നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് ആദ്യ 3 മാസം 200/- രൂപ സ്റ്റൈപന്റോടു കൂടി കൈത്തറി നെയ്ത്ത് പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കുന്നവർക്ക് അടുത്ത 3 മാസത്തേക്ക് 125/- രൂപ വേജ് സപ്പോർട്ട് ഇനത്തിൽ അനുവദിച്ചു നൽകുകയും ചെയ്യുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു.

**II)** സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിൽ വരുത്തിയതിലൂടെ കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാനും നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും, അധിക വരുമാനം ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്.

**<u>III(a) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം)</u>**

ജോലിയുടെ ശാസ്ത്രീയമായ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കിയും, വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലും, അംഗീകൃത മാർഗ്ഗ നിർദ്ദേശപ്രകാരവും നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രോത്സാഹനം നൽകി ഉല്പാദനക്ഷമതയും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഏകദേശം 4500 നെയ്ത്തുകാർ / അനുബന്ധ തൊഴിലാളികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

**<u>(b) ഇൻകം സപ്പോർട്ട് സ്കീം</u>**

ഒരു ദിവസം 75 രൂപയ്ക്കും, 100 രൂപയ്ക്കും ഇടയിൽ വരുമാനം ലഭിക്കുന്ന നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ദിവസ വേതനം 150 രൂപയായി നൽകുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇൻകം സപ്പോർട്ട് സ്കീം. ഒരു വർഷം 100

| | | | |
|---|---|---|---|
| | | | ദിവസങ്ങളിലേയ്ക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.<br><br>**<u>(c) റിബേറ്റ്</u>**<br><br>സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിവിധ ഉത്സവകാലയളവുകളിൽ / യൂണിഫോം വിൽപന സീസണിൽ സംസ്ഥാന സർക്കാർ റിബേറ്റ് നൽകി വരുന്നുണ്ട്.<br><br>**<u>(d) എക്സിബിഷൻ ഗ്രാന്റ്</u>**<br><br>കേരളത്തിലെ പരമ്പരാഗത നെയ്ത്ത് സംഘങ്ങൾക്ക് (ഹാന്റക്സ് , ഹാൻവീവ് എന്നിവ ഉൾപ്പെടെ) കേരളത്തിനകത്തോ, പുറത്തോ ഉള്ള കൈത്തറി വിപണന മേളകളിൽ പങ്കെടുത്ത് സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഗ്രാന്റ് അനുവദിച്ച് നൽകുന്ന ഒരു പദ്ധതിയാണ് എക്സിബിഷൻ ഗ്രാന്റ്.<br><br>പരുത്തിയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരുത്തിയുടെ വിളവെടുപ്പ് സീസണിൽ തന്നെ അവ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചു. പ്രസ്തുത പ്രക്രിയ സുഗമമായി നടപ്പിലാക്കുന്നതിന് കോട്ടൺ ബോർഡ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ